**പതിമൂന്നാം കേരളനിയമസഭ**
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1935 — 06.07.2015 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണം

**ചോദ്യം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.പി.തിലോത്തമൻ
ശ്രീ.വി.എസ്.സുനിൽ കുമാർ

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ)വന്യജീവികളുടെ ആക്രമണം തടയുന്നതിനായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം; പ്രസ്തുതപദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) വന്യജീവികളുടെ ആക്രമണം തടയുന്നതിനായി വനാതിർത്തികളിൽ വന്യജീവിശല്യം നേരിടുന്നതിനുള്ള ദീർഘകാല പ്രതിരോധ പ്രവർത്തന പദ്ധതി, ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങളുടെ വനാതിർത്തികളിലെ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ സൗരോർജ്ജ വേലികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, NABARD RIDF സാമ്പത്തിക സഹായത്തോടെ വനാതിർത്തികളിൽ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി, 'മിഷൻ 676' ൽ ഉൾപ്പെടുത്തിയ കൃഷിരക്ഷാ പദ്ധതി എന്നീ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതികളെല്ലാം തന്നെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണ്; എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ;

(ബി)പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുക, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവാക്കിയ തുക (ലക്ഷത്തിൽ ) |
|---|---|---|
| 2013-14 | 1000 | 988.48 |
| 2014-15 | 1400 | 1300.88 |

| | |
|---|---|
| (സി) വന്യജീവികളുടെ ആക്രമണം തടയുന്നതിന് ഈ വർഷം ആവിഷ്ക്കരിച്ച പദ്ധതികൾ ഏതെല്ലാം; ഇതിനായി എത്ര തുക അനുവദിച്ചു; ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (സി) വന്യജീവി ആക്രമണം തടയുന്നതിന് ഈ വർഷം ആവിഷ്ക്കരിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1) Additional Central Assistance (ACA)-ന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ വിവധ ജില്ലകളിലായി 87.5 കി.മീ ദൂരം സൗരോർജ്ജ കമ്പിവേലികൾ, ആന പ്രതിരോധ മതിലുകൾ, കല്ലുപാകിയ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതി, ഈ പദ്ധതിയുടെ നടത്തിപ്പിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2) NABARD RIDF ന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വനാതിർത്തികളിൽ കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതി, ടി പദ്ധതിയുടെ നടത്തിപ്പിനായി 1938 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>3) കൃഷിരക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ